**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1228** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ കാർഷിക വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന കോർപ്പറേഷൻ വാർഡുകളിൽ ഉൾപ്പെടെ പുതിയ കാർഷിക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന കോർപ്പറേഷൻ വാർഡുകളിൽ ഉൾപ്പെടെ പുതിയ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ട്. കാർഷികമേഖലയിലെ നയപരമായ വിഷയങ്ങൾ, പ്രശ്നങ്ങൾ എന്നിവ ഉൾപെടുത്തിക്കൊണ്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുഖേനയാണ്. നഗര - ഗ്രാമ അതിർത്തികളിലെ സവിശേഷമായ ഭൂപ്രകൃതിയും സാധ്യതകളും കണക്കിലെടുത്ത് ടെറസ് പച്ചക്കറി കൃഷി HDPE /ചെടിച്ചട്ടികൃഷി Hydroponics, Micro Greens ,Tuber crop cultivation , Mushroom cultivation തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ് . വകുപ്പിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന പുതിയ പദ്ധതികൾ ചെയ്യാവുന്നതാണ്.

**(സി)** തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മേഖലയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിനുള്ള പദ്ധതി നടത്തിപ്പിനുമായി ഉന്നതതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

**തിരുവല്ലം**

തിരുവല്ലം കൃഷിഭവൻ പരിധിയിൽ സമഗ്ര പുരയിട കൃഷി വികസനം, വാഴകൃഷി വ്യാപനം, നാളികേര വികസന പദ്ധതി, സമഗ്ര പച്ചക്കറി ഉൽപാദന പദ്ധതി, മൺചട്ടിയിൽ പച്ചക്കറി കൃഷി വ്യാപനം, കുരുമുളക് കൃഷി വ്യാപനം,ഫലവൃക്ഷതൈ വിതരണം, ജലസമൃദ്ധി, ബയോ ഫാർമസി- വിള ആരോഗ്യ പരിപാലനം

**തിരുവനന്തപുരം കോർപ്പറേഷൻ**

ഹൈബ്രിഡ് ഇനത്തിൽ പെട്ട പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നു,75% സബ്സിഡിയിൽ ജൈവ വളവും ജീവാണുവളവും വിതരണം ചെയ്യുന്നു,മഴമറ നിർമാണം 50% സബ്സിഡി,പുഷ്പകൃഷി വികസനം (ആന്തൂറിയം ഓർക്കിഡ്)50% സബ്സിഡി, ടെറസ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പോട്ടിങ് മിശ്രിതം നിറച്ച മൺചട്ടികൾ എന്നിവ 75% സബ്സിഡി നിരക്കിൽ നൽകുന്നു,കിഴങ്ങു വർഗ്ഗ കിറ്റ് വിതരണം 100% സബ്സിഡിയോടെ നൽകുന്നു.

**കുടപ്പനകുന്ന്**

പച്ചക്കറി കൃഷി മൺചട്ടിയിൽ,ഫലവൃക്ഷ തൈ വിതരണം,തെങ്ങ് കൃഷി സംരക്ഷണം,വീട്ടിൽ ഒരു പോഷകത്തോട്ടം,വാഴ കൃഷി പ്രോത്സാഹനം,ഞങ്ങളും കൃഷിയിലേക്ക്- നടീൽ വസ്തുക്കളുടെ വിതരണം.,കീടരോഗ വ്യാപന നിവാരണ പ്രവർത്തനം

**കഴക്കൂട്ടം**

മൺചട്ടി , HDPE ചട്ടി പച്ചക്കറികൃഷി , പച്ചക്കറി തൈയും വളവും വിതരണം, കാട്ടുപന്നിയുടെ ആക്രമണ നിയന്ത്രണം, സമഗ്രപുരയിടകൃഷിവികസനപദ്ധതി, നാളികേരവികസനപദ്ധതി, ബയോഫാർമസി, വാഴക്കൃഷി വ്യാപനം, ജലസേചനവികസനപദ്ധതി

**ആറ്റിപ്ര**

സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം, പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും,വാഴ കൃഷി പ്രോൽത്സാഹനം,കുരുമുളക് കൃഷി പ്രോൽത്സാഹനം ,ക്ലൂൺ ഗ്രാമം,കിഴങ്ങു വർഗ്ഗ വിള വികസനം,പച്ചക്കറി കൃഷി വികസനം,കേരസമൃദ്ധി,ജലസമൃദ്ധി.

**ശ്രീകാര്യം**

പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും,ജലസേചന പമ്പ് സെറ്റ് കിണർ , സമഗ്രപുരയിടകൃഷി വികസനം, പച്ചക്കറി വികസനം,ക്ലൂൺ കൃഷി വികസനം ,കേര സമൃദ്ധി ,സ്ഥിരം വാഴകൃഷി പ്രോത്സാഹനം,കിഴങ്ങ് വർഗ്ഗവിള കൃഷി വികസനം ,ഫലവൃക്ഷതൈ വിതരണം ,പുഷ്പകൃഷി വികനം,പച്ചക്കറിതൈ വിതരണം.

**കടകംപള്ളി**

പച്ചക്കറി കൃഷി ടെറസസിലും മുറ്റത്തും, ഞങ്ങളും കൃഷിയിലേക്ക് സമഗ്ര കാർഷിക വികസനം, പച്ചക്കറി തൈയും വളവും വിതരണം, ജലസേചന പമ്പ് സെറ്റ് , വാഴ കൃഷി വികസനം, തെങ്ങ് കൃഷി വികസനം

**വിഴിഞ്ഞം**

ജൈവ പച്ചക്കറി കൃഷി –പച്ചക്കറി തൈ ,വിത്തു വിതരണം, വാഴകൃഷി ,മൺചട്ടിയിൽ /HDPE ചട്ടിയിൽ പോട്ടിങ് മിശ്രിതം നിറച്ച പച്ചക്കറി തൈകളും വിതരണം ,കിഴങ്ങു വർഗങ്ങൾ വിതരണം ,കേടായ തെങ്ങു മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ വിതരണം ,ജലസേചന പമ്പ് വാങ്ങൽ ,ജമന്തി തൈ വിതരണം, വാഴകൃഷി ജൈവവളം വിതരണം ,തെങ്ങിന് ജൈവവളം വിതരണം .

**നേമം**

തരിശ് കൃഷി, നെൽകൃഷി, വാഴ കൃഷി, മട്ടുപ്പാവിൽ പച്ചക്കറി കൃഷി, സുഗന്ധവിളകൃഷി വ്യാപനം – കുറ്റികുരുമുളക്, കൃഷി, ജലസമൃദ്ധി, പമ്പ് സെറ്റ്, ജൈവവളം, ജലസമൃദ്ധി – പമ്പ് സെറ്റ്, സമഗ്രപുരയിടകൃഷി, ഫ്രൂട്ട് സിറ്റി – ഫലവൃക്ഷതൈ വിതരണം, ഫ്രൂട്ട്സിറ്റി –

പൊതുസ്ഥലങ്ങളിൽ ഫലവൃക്ഷതൈ നടൽ, കേര സംരക്ഷണം, സ്ഥിരംകൃഷി, കണിക ജലസേചനം, പാടശേഖരത്തിന് ഡ്രോൺ

**കുടപ്പനകുന്ന്**

പച്ചക്കറി കൃഷി മൺചട്ടിയിൽ,ഫലവൃക്ഷ തൈ വിതരണം,തെങ്ങ് കൃഷി സംരക്ഷണം,വീട്ടിൽ ഒരു പോഷകത്തോട്ടം,വാഴ കൃഷി പ്രോത്സാഹനം,ഞങ്ങളും കൃഷിയിലേക്ക്- നടീൽ വസ്തുക്കളുടെ വിതരണം.,കീടരോഗ വ്യാപന നിവാരണ പ്രവർത്തനം

**വട്ടിയൂർക്കാവ്**

ഹരിതനഗരം, സമഗ്ര പച്ചക്കറി യജ്ഞം, ജലസമൃദ്ധി,കാർഷിക സേവനങ്ങൾക്ക് സബ്സിഡി, തെങ്ങിൻ തോപ്പിലെ കീടരോഗ നിയന്ത്രണം, ബയോ ഫാർമസി - വിള ആരോഗ്യ പരിപാലനം, വാഴക്കൃഷി വികസനം, കേരസമൃദ്ധി, കൃഷിസമൃദ്ധി, VDP (distribution of vegetable seeds and seedlings), Coconut council (distribution of coconut seedlings)

**ഉള്ളൂർ**

മൺചട്ടിയിൽ മുറ്റത്തെ മട്ടുപ്പാവിൽ പച്ചക്കറി കൃഷി, ജലസേചനത്തിന് പമ്പ് സെറ്റ് , കൃഷിസമൃദ്ധി-കിഴങ്ങ് കൃഷി വ്യാപനം, ഗ്രീൻസിറ്റി-ടെറസ്സിൽ കണ്ടെയ്നറുകളിൽ ഫലവൃക്ഷകൃഷി, പച്ചക്കറിതൈ വിതരണം, കേരസമൃദ്ധി-തെങ്ങിൻതൈ വിതരണം, കൃഷിസമൃദ്ധി- വാഴ കൃഷി വികസനം, ഉള്ളൂരിലെ വിള ആരോഗ്യപരിപാലന കേന്ദ്രസേവനങ്ങൾ മെച്ചപ്പെടുത്തൽ, പുഷ്പകൃഷി വ്യാപനം, സുഗന്ധവിള കൃഷി വ്യാപനം, ഫലവൃക്ഷ തൈകൾ വിതരണം, കൃഷിസമൃദ്ധി-എല്ലാ വീട്ടിലും പോഷകതോട്ടം, മൺചട്ടിയിൽ കുറ്റികുരുമുളക് കൃഷിവ്യാപനം, കൃഷി സമൃദ്ധി-കൃഷിക്കൂട്ടങ്ങൾക്ക് പച്ചക്കറി കൃഷിക്ക് ധനസഹായം, വനിതാ കൃഷിക്കൂട്ടങ്ങൾക്ക് കുളവാഴ വാഴനാര് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത- കരകൗശല ചെറുകിട നിർമ്മാണ വിപണന യൂണിറ്റ് , വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാതൃകാ പച്ചക്കറിതോട്ടം.